www.masapulari.com

# മാസപ്പുലരി

മലയാളത്തിന്റെ അക്ഷരപ്പുലരി

മെയ് 2021



## ELECTION Special

## ഇടതു തരംഗത്തിൽ കടപുഴകി യു.ഡി.എഫ്

## പിണറായിക്ക് രണ്ടാം ഊഴം

## അക്കൗണ്ട് പൂട്ടി ബി.ജെ.പി.

എഡിറ്റോറിയൽ

# 'കിറ്റിൽ' കോൺഗ്രസ് ഇട്ടുകൊടുത്ത വിജയം



**ബിജു കിഴക്കേക്കുറ്റ്**
ചീഫ് എഡിറ്റർ

**കേരളത്തിന്റെ** ഹൃദയത്തുടിപ്പിന്റെ താളം ലോകമെങ്ങും തൊട്ടറിയുന്നു. അത് 'ഓക്സിജൻ' കിട്ടാഞ്ഞിട്ടല്ല; മറിച്ച്, അത്യാഹ്ലാദത്തിന്റെ പൊരുമ്പറമുഴക്കമാണ്. നാലുപതിറ്റാണ്ടിനുശേഷം പിണറായി വിജയന്റെ ഇടതുസർക്കാർ ചരിത്രം തിരുത്തിയെഴുതിയിരിക്കുന്നു.

തുടർഭരണം! മഹത്തായ ചരിത്രവിജയം എന്നേ പറയേണ്ടൂ.

ഈ വിജയത്തിന് പല മാനങ്ങളുണ്ട്.

തദ്ദേശ തിരഞ്ഞെടുപ്പിൽ കിട്ടിയ വിജയം ഇടതുമുന്നണിക്ക് നൽകിയ ആത്മവിശ്വാസത്തിന്റെ ഉറപ്പിൽ തന്ത്രങ്ങൾ മെനഞ്ഞ്, മുൻകൂറായി സൈബർപോരാളികളെ അതിർത്തികളിൽ വിന്യസിച്ച് 'ക്യാപ്സ്യൂൾ' ബോംബുകൾ വർഷിച്ചുനേടിയ വിജയം!

ചിട്ടയായ സംഘടനാപ്രവർത്തനത്തിന്റെ വിജയം. മറ്റു പാർട്ടികൾ സീറ്റുവിഭജനം, സ്ഥാനാർഥി നിർണയം തുടങ്ങിയ കീറാമുട്ടികളിൽ തട്ടിത്തടഞ്ഞപ്പോൾ ഇടതുമുന്നണി അതിന്റെ സഹജമായ സംഘടനാവൈഭവംകൊണ്ട് ബഹുദൂരം മുന്നിലെത്തിയിരുന്നു.

സർവോപരി, പൊന്നും പെണ്ണും പണവും എങ്ങനെ അഴിഞ്ഞാടിയാലും, തിമിർത്താടിയാലും വിശന്നപ്പോൾ 'കിറ്റും' വലഞ്ഞപ്പോൾ പെൻഷനും തന്നവരോടുള്ള കൂറ് ഇടതുചൂണ്ടുവിരലിൽ മായാമുദ്രയായി പതിഞ്ഞപ്പോൾ കൈവന്ന വിജയം!

ഇവിടെ നാം ഓർക്കേണ്ട ഒരു പ്രധാന കാര്യമുണ്ട്. ഇടതുമുന്നണി സർക്കാരിനെതിരെയും മുഖ്യമന്ത്രിയുടെ ഓഫീസിനെയും ലക്ഷ്യംവച്ച് അഴിമതിക്കഥകൾ പെണ്ണായും പണമായും പൊന്നായും വിശ്വരൂപംപൂണ്ട് നിറഞ്ഞാടിയപ്പോൾ പോലും സഖാക്കൾ **ഉറച്ചുനിന്നു പ്രതിരോധിച്ചു.**

ആരോപണവിധേയരായ മന്ത്രിമാർ രാജിവെച്ചപ്പോഴും സഖാക്കൾ **പതറാതെ ഉറച്ചുനിന്നു.**

പ്രത്ഭരിൽ പ്രഗത്ഭരെ തിരഞ്ഞെടുപ്പിൽ നിന്നു മാറ്റിനിർത്തിയപ്പോഴും സഖാക്കൾ **ഇടറാതെ ഉറച്ചുനിന്നു.**

എല്ലാ ആരോപണങ്ങളെയും ബുദ്ധിയും യുക്തിയും ശക്തിയുംകൊണ്ട് (അതു വിജയിക്കാത്തിടത്ത് ശബ്ദംകൊണ്ടും) സഖാക്കൾ തളരുംവരെ പോരാടിനിന്നു. വേറിട്ടൊരു ശബ്ദം എവിടെയും ഉയർന്നില്ല. നേരെമറിച്ച്, കോൺഗ്രസായിരുന്നെങ്കിലോ? അവർ പരസ്പരം കടിച്ചുകീറി, കുറ്റപ്പെടുത്തി, പഴിചാരി, അവനവൻ മഹത്വംപറഞ്ഞ്, വിഴുപ്പലക്കി സ്വയം തോറ്റുകൊടുക്കും.

അതുതന്നെ, കോൺഗ്രസ് തോറ്റുകൊടുത്തു. ഒരു സർക്കാരിനെ താഴെയിറക്കാൻ വേണ്ടുന്ന അസ്ത്രങ്ങൾ ആവനാഴിയിലുണ്ടായിരുന്നിട്ടും ചെന്നിത്തലയുടെ വസ്തുനിഷ്ഠമായ ആരോപണങ്ങളെ വോട്ടാക്കിമാറ്റാനുള്ള ബുദ്ധിവൈഭവം കോൺഗ്രസ് കളഞ്ഞുകുളിച്ചു. അവർ മൊട്ടയടിച്ചും കൂറുമാറിയും കലഹിച്ചപ്പോൾ തോൽവിയുടെ കല്ലുമഴ പെയ്തു.

ഇരട്ടച്ചങ്കൻ വിജയിച്ചു.

**അഭിനന്ദനങ്ങൾ**


2021
നിയമസഭ
തിരഞ്ഞെടുപ്പിലെ
വിജയികൾ
99
പ്രതിസന്ധികളിൽ
ചേർത്തുപിടിച്ചതിനുള്ള
വിജയം
41
ആരോപണങ്ങൾ
വോട്ടാക്കിമാറ്റുന്നതിൽ
പരാജയപ്പെട്ടു
0
വർഗ്ഗീയ രാഷ്ട്രീയത്തിന്
കേരളത്തിൽ
സ്ഥാനമില്ല

**01 മഞ്ചേശ്വരം**



എ.കെ.എം. അഷറഫ്
UDF
LEAD-765

**02 കാസർകോട്**




എൻ.എ. നെല്ലിക്കുന്ന്
UDF
LEAD-13014

**03 ഉദുമ**




സി.എച്ച്. കുഞ്ഞമ്പു
LDF
LEAD-10000

**04 കാഞ്ഞങ്ങാട്**



ഇ. ചന്ദ്രശേഖരൻ
LDF
LEAD-17000

**05 തൃക്കരിപ്പൂർ**



എം. രാജഗോപാലൻ
LDF
LEAD-12000

**06 പയ്യന്നൂർ**



ടി.ഐ. മധുസൂദനൻ
LDF
LEAD-49342

**07 കല്ല്യാശ്ശേരി**



എം. വിജിൻ
LDF
LEAD-44393

**08 തളിപ്പറമ്പ്**




എം.വി. ഗോവിന്ദൻ
LDF
LEAD-21000

**09 ഇരിക്കൂർ**




സജീവ് ജോസഫ്
UDF
LEAD-10032

**10 അഴീക്കോട്**



കെ.വി. സുമേഷ്
LDF
LEAD-5605

**11 കണ്ണൂർ**



രാമചന്ദ്രൻ കടന്നപ്പള്ളി
LDF
LEAD-1600

**12 ധർമ്മടം**




പിണറായി വിജയൻ
LDF
LEAD-50213

### 13 തലശ്ശേരി



**എ.എൻ. ഷംസീർ**
LDF
LEAD-36801

### 14 കൂത്തുപറമ്പ്




**കെ.പി. മോഹനൻ**
LDF
LEAD-8861

### 15 മട്ടന്നൂർ



**കെ.കെ. ശൈലജ**
LDF
LEAD-61035

### 16 പേരാവൂർ



**സണ്ണി ജോസഫ്**
UDF
LEAD-2757

### 17 മാനന്തവാടി (SC)



**ഒ.ആർ. കേളു**
LDF
LEAD-9282

### 18 സുൽത്താൻ ബത്തേരി (SC)



**ഐ.സി. ബാലകൃഷ്ണൻ**
UDF
LEAD-11822

### 19 കൽപറ്റ




**ടി. സിദ്ദിഖ്**
UDF
LEAD-5470

### 20 വടകര



**കെ.കെ. രമ**
UDF
LEAD-7014

### 21 കുറ്റ്യാടി



**കെ.പി. കുഞ്ഞമ്മദ്കുട്ടി**
LDF
LEAD-333

### 22 നാദാപുരം



**ഇ.കെ. വിജയൻ**
LDF
LEAD-4035

### 23 കൊയിലാണ്ടി



**കാനത്തിൽ ജമീല**
LDF
LEAD-7231

### 24 പേരാമ്പ്ര




**ടി.പി. കൃഷ്ണൻ**
LDF
LEAD-22478

**25 ബാലുശേരി (SC)**



**കെ.എം. സച്ചിൻദേവ്**
LDF
LEAD-20223

**26 എലത്തൂർ**



**എ.കെ.ശശീന്ദ്രൻ**
LDF
LEAD-37000

**27 കോഴിക്കോട് നോർത്ത്**



**തോട്ടത്തിൽ രവീന്ദ്രൻ**
LDF
LEAD-12928

**28 കോഴിക്കോട് സൗത്ത്**




**അഹമ്മദ് ദേവർകോവിൽ**
LDF
LEAD-11453

**29 ബേപ്പൂർ**




**പി.എ. മുഹമ്മദ് റിയാസ്**
LDF
LEAD-29017

**30 കുന്നമംഗലം**



**പി.ടി.എ. റഹീം**
LDF
LEAD-8900

**31 കൊടുവള്ളി**




**ഡോ. എം.കെ. മുനീർ**
UDF
LEAD-6504

**32 തിരുമ്പാടി**




**ലിന്റോ ജോസഫ്**
LDF
LEAD-5596

**33 കൊണ്ടോട്ടി**



**ടി.വി. ഇബ്രാഹിം**
UDF
LEAD-9148

**34 ഏറനാട്**



**പി.കെ. ബഷീർ**
UDF
LEAD-22278

**35 നിലമ്പൂർ**



**പി.വി. അൻവർ**
LDF
LEAD-2794

**36 വണ്ടൂർ (SC)**



**എ.പി. അനിൽകുമാർ**
UDF
LEAD-15563

37 മഞ്ചേരി



യു. എ. ലത്തീഫ്
UDF
LEAD-3094

38 പെരിന്തൽമണ്ണ



നജീബ് കാന്തപുരം
UDF
LEAD-34

39 മങ്കട




മഞ്ഞളാംകുഴി അലി
UDF
LEAD-5903

40 മലപ്പുറം




പി. ഉബൈദുല്ല
UDF
LEAD-8557

41 വേങ്ങര




പി.കെ. കുഞ്ഞാലിക്കുട്ടി
UDF
LEAD-12293

42 വള്ളിക്കുന്ന്



പി. അബ്ദുൽ ഹമീദ്
UDF
LEAD-14460

43 തിരൂരങ്ങാടി



കെ.പി.എ. മജീദ്
UDF
LEAD-9468

44 താനൂർ




വി. അബ്ദുറഹിമാൻ
LDF
LEAD-127

45 തിരൂർ



കുറുക്കോളി
മൊയ്തീൻ UDF
LEAD-4625

46 കോട്ടയ്ക്കൽ



കെ.കെ. ആബിദ് ഹുസൈൻ
തങ്ങൾ UDF
LEAD-7017

47 തവനൂർ



കെ.ടി. ജലീൽ
LDF
LEAD-3066

48 പൊന്നാനി



പി. നന്ദകുമാർ
LDF
LEAD-13662

**49 തൃത്താല**



**എം.ബി. രാജേഷ്**
LDF
LEAD-3173

**50 പട്ടാമ്പി**



**മുഹമ്മദ് മുഹസിൻ**
LDF
LEAD-10995

**51 ഷൊർണൂർ**



**പി. മമ്മിക്കുട്ടി**
LDF
LEAD-35630

**52 ഒറ്റപ്പാലം**



**കെ. പ്രേംകുമാർ**
LDF
LEAD-15152

**53 കാങ്ങോട് (SC)**



**കെ. ശാന്തകുമാരി**
LDF
LEAD-3214

**54 മണ്ണാർക്കാട്**



**എൻ. ഷംസുദ്ദീൻ**
UDF
LEAD-5870

**55 മലമ്പുഴ**



**എ. പ്രഭാകരൻ**
LDF
LEAD-18876

**56 പാലക്കാട്**




**ഷാഫി പറമ്പിൽ**
UDF
LEAD-3863

**57 തരൂർ (SC)**




**പി.പി. സുമോദ്**
LDF
LEAD-8068

**58 ചിറ്റൂർ**



**കെ. കൃഷ്ണൻകുട്ടി**
LDF
LEAD-35146

**59 നെന്മാറ**



**കെ. ബാബു**
LDF
LEAD-27085

**60 ആലത്തൂർ**




**കെ.ഡി. പ്രസേനൻ**
LDF
LEAD-21514

**61 ചേലക്കര**



**കെ. രാധാകൃഷ്ണൻ**
LDF
LEAD-39400

**62 കുന്നംകുളം**



**എ.സി. മൊയ്തീൻ**
LDF
LEAD-26631

**63 ഗുരുവായൂർ**



**എൻ.കെ. അക്ബർ**
LDF
LEAD-16820

**64 മണലൂർ**



**മുരളി പെരുനെല്ലി**
LDF
LEAD-15670

**65 വടക്കാഞ്ചേരി**



**സേവ്യർ ചിറ്റിലപ്പള്ളി**
LDF
LEAD-15117

**66 ഒല്ലൂർ**



**കെ. രാജൻ**
LDF
LEAD-21506

**67 തൃശൂർ**



**പി. ബാലചന്ദ്രൻ**
LDF
LEAD-946

**68 നാട്ടിക**



**സി.സി. മുകുന്ദൻ**
LDF
LEAD-28431

**69 കൈപ്പമംഗലം**



**ഇ.ടി. ടൈസൺ**
LDF
LEAD-11270

**70 ഇരിങ്ങാലക്കുട**




**ആർ. ബിന്ദു**
LDF
LEAD-5949

**71 പുതുക്കാട്**



**കെ.കെ. രാമചന്ദ്രൻ**
LDF
LEAD-26720

**72 ചാലക്കുടി**



**സനീഷ്കുമാർ ജോസഫ്**
LDF
LEAD-713

### 73 കൊടുങ്ങല്ലൂർ



**വി.ആർ. സുനിൽകുമാർ**
LDF
LEAD-23893

### 74 പെരുമ്പാവൂർ




**എൽദോസ് കുന്നപ്പിള്ളി**
UDF
LEAD-2961

### 75 അങ്കമാലി



**റോജി എം. ജോൺ**
UDF
LEAD-13572

### 76 ആലുവ




**അൻവർ സാദത്ത്**
UDF
LEAD-12084

### 77 കളമശ്ശേരി



**പി. രാജീവ്**
LDF
LEAD-10850

### 78 പറവൂർ



**വി.ഡി. സതീശൻ**
LDF
LEAD-20788

### 79 വൈപ്പിൻ



**കെ.എൻ ഉണ്ണികൃഷ്ണൻ**
LDF
LEAD-5116

### 80 കൊച്ചി



**കെ.ജെ. മാക്സി**
LDF
LEAD-14108

### 81 തൃപ്പൂണിത്തുറ



**കെ. ബാബു**
UDF
LEAD-900

### 82 എറണാകുളം




**ടി.ജെ. വിനോദ്**
UDF
LEAD-10417

### 83 തൃക്കാക്കര



**പി.ടി. തോമസ്**
UDF
LEAD-14329

### 84 കുന്നത്തുനാട്(SC)




**പി.വി. ശ്രീനിജിൻ**
LDF
LEAD-2712

### 85 പിറവം



**അനൂപ് ജോക്കബ്**
UDF
LEAD-17152

### 86 മൂവാറ്റുപുഴ



**മാത്യു കുഴൽനാടൻ**
UDF
LEAD-5976

### 87 കോതമംഗലം




**ആന്റണി ജോൺ**
LDF
LEAD-8366

### 88 ദേവികുളം (SC)



**എ. രാജ**
LDF
LEAD-7847

### 89 ഉടുമ്പൻചോല




**എം.എം. മണി**
LDF
LEAD-38305

### 90 തൊടുപുഴ



**പി.ജെ. ജോസഫ്**
UDF
LEAD-20251

### 91 ഇടുക്കി




**റോഷി അഗസ്റ്റിൻ**
LDF
LEAD-5563

### 92 പീരുമേട്



**വാഴൂർ സോമൻ**
LDF
LEAD-1835

### 93 പാലാ



**മാണിസികാപ്പൻ**
UDF
LEAD-15199

### 94 കടുത്തുരുത്തി



**മോൻസ് ജോസഫ്**
UDF
LEAD-3800

### 95 വൈക്കം (SC)



**സി.കെ. ആശ**
LDF
LEAD-26242

### 96 ഏറ്റുമാനൂർ




**വി.എൻ. വാസവൻ**
LDF
LEAD-14303

**97 കോട്ടയം**




തിരുവഞ്ചൂർ രാധാകൃഷ്ണൻ UDF
LEAD-11008

**98 പുതുപ്പള്ളി**



ഉമ്മൻ ചാണ്ടി
UDF
LEAD-8504

**99 ചങ്ങനാശ്ശേരി**




ജോബ് മൈക്കൾ
LDF
LEAD-6059

**100 കാഞ്ഞിരപ്പള്ളി**



എൻ. ജയരാജ്
LDF
LEAD-8296

**101 പൂഞ്ഞാർ**




സെബാസ്റ്റ്യൻ കുളത്തുങ്കൽ LDF
LEAD-16817

**102 അരൂർ**




ദലീമ ജോജോ
LDF
LEAD-5091

**103 ചേർത്തല**



പി. പ്രസാദ്
LDF
LEAD-7595

**104 ആലപ്പുഴ**




പി.പി. ചിത്തരഞ്ജൻ
LDF
LEAD-11605

**105 അമ്പലപ്പുഴ**



എച്ച്. സലാം
LDF
LEAD-10030

**106 കുട്ടനാട്**



തോമസ് കെ. തോമസ്
LDF
LEAD-5495

**107 ഹരിപ്പാട്**



രമേശ് ചെന്നിത്തല
UDF
LEAD-12376

**108 കായംകുളം**



യു. പ്രതിഭ
LDF
LEAD-4709

**109 മാവേലിക്കര**




എ.എസ്. അരുൺ കുമാർ
LDF
LEAD-12071

**110 ചെങ്ങന്നൂർ**



സജി ചെറിയാൻ
LDF
LEAD-21193

**111 തിരുവല്ല**



മാത്യു ടി തോമസ്
LDF
LEAD-11019

**112 റാന്നി**



പ്രമോദ് നാരായണൻ
LDF
LEAD-595

**113 ആറന്മുള**



വീണാ ജോർജ്ജ്
LDF
LEAD-13853

**114 കോന്നി**



കെ.യു. ജനീഷ് കുമാർ
LDF
LEAD-7416

**115 അടൂർ (SC)**



ചിറ്റയം ഗോപകുമാർ
LDF
LEAD-1435

**116 കരുനാഗപ്പള്ളി**



സി.ആർ. മഹേഷ്
UDF
LEAD-20038

**117 ചവറ**




വി. സുജിത്ത് വിജയൻപിള്ള
LDF
LEAD-1450

**118 കുന്നത്തൂർ (SC)**



കോവൂർ കുഞ്ഞുമോൻ
LDF
LEAD-2788

**119 കൊട്ടാരക്കര**



കെ.എൻ. ബാലഗോപാൽ
LDF
LEAD-12486

**120 പത്തനാപുരം**



കെ.ബി. ഗണേഷ്കുമാർ
LDF
LEAD-14674

**121 പുനലൂർ**



പി.എസ്. സുപാൽ
LDF
LEAD-12545

**122 ചടയമംഗലം**




ജെ. ചിഞ്ചുറാണി
LDF
LEAD-7515

**123 കുണ്ടറ**



പി.സി. വിഷ്ണുനാഥ്
UDF
LEAD-5097

**124 കൊല്ലം**



എം. മുകേഷ്
LDF
LEAD-2022

**125 ഇരവിപുരം**



എം. നൗഷാദ്
LDF
LEAD-22680

**126 ചാത്തന്നൂർ**



ജി.എസ്. ജയലാൽ
LDF
LEAD-4647

**127 വർക്കല**



വി. ജോയ്
LDF
LEAD-6084

**128 ആറ്റിങ്ങൽ**



ഒ.എസ്. അംബിക
LDF
LEAD-29548

**129 ചിറയിൻകീഴ്**




വി. ശശി
LDF
LEAD-12577

**130 നെടുമങ്ങാട്**



ജി. ആർ. അനിൽ
LDF
LEAD-22230

**131 വാമനപുരം**



ഡി.കെ. മുരളി
LDF
LEAD-9727

**132 കഴക്കൂട്ടം**



കടകംപള്ളി സുരേന്ദ്രൻ
LDF
LEAD-19680

133 വട്ടിയൂർക്കാവ്



വി.കെ. പ്രശാന്ത്
LDF
LEAD-20609

134 തിരുവനന്തപുരം



ആന്റണി രാജു
LDF
LEAD-1562

135 നേമം



വി. ശിവൻകുട്ടി
LDF
LEAD-5750

136 അരുവിക്കര



ജി. സ്റ്റീഫൻ
LDF
LEAD-4900

137 പാറശ്ശാല



സി.കെ. ഹരീന്ദ്രൻ
LDF
LEAD-25025

138 കാട്ടാക്കട



ഐ.ബി. സതീഷ്
LDF
LEAD-9047

139 കോവളം



എം. വിൻസന്റ്
UDF
LEAD-3661

140 നെയ്യാറ്റിൻകര




കെ. അൻസലൻ
LDF
LEAD-13360

## വിജയിച്ച എല്ലാ നിയമസഭ സാമാജികർക്കും മാസപ്പുലരിയുടെ

# അഭിനന്ദനങ്ങൾ

















നിങ്ങളുടെ വീട്, ഓഫീസ് അലങ്കരിക്കുന്ന
തിനും വിശേഷ അവസരങ്ങളിൽ സമ്മാനി
ക്കുന്നതിനും ആവശ്യമായ ഒറിജിനൽ
പെയ്ന്റിംഗുകൾ ക്യാൻവാസ് പ്രിന്റുകൾ,
മ്യൂറൽ പെയ്ന്റിംഗുകൾ, ഗ്ലാസ്സ് പെയിന്റിം
ഗുകൾ,  ഛായാ ചിത്രങ്ങൾ എന്നിവ
എവിടെയും എത്തിച്ചുകൊടുക്കുന്നു.

**vara**
**art gallery, Kottayam**

Pukadiyil Buildings,
Sastri Road, Kottayam-686 001
: +91 93870 73135
Email: m.orathel@gmail.com



സുവനീറുകൾ, കലണ്ടറുകൾ, ബ്രോഷറുകൾ, ആത്മകഥകൾ,
സാഹിത്യകൃതികൾ, കുടുംബചരിത്രങ്ങൾ എന്നിവയുടെ ജോലികൾ
(എഴുത്ത്, എഡിറ്റിംഗ്, പ്രൂഫ് റീഡിംഗ്, ഡിസൈനിംഗ്)
പൂർണ്ണമായും ഏറ്റെടുത്ത് മനോഹരമായി പ്രിന്റുചെയ്ത്
ലോകത്ത് എവിടെയും അയച്ചുകൊടുക്കുന്നു.



# രാജ്യസഭയിലെ 'JB ജംഗ്ഷൻ'

**മാധ്യമങ്ങളോട്** എന്നും അടുപ്പം കാട്ടുന്നവരാണ് മലയാളികൾ. വായനയിലൂടെയും കാഴ്ചയിലൂടെയും കേൾവിയിലൂടെയും തനിക്കു ചുറ്റുമുള്ള ലോകത്തെ അടുത്തറിയുവാൻ എന്നും മാധ്യമങ്ങളെ ആശ്രയിക്കുന്ന ഒരു ജനസമൂഹം. എന്നിട്ടുകൂടിയും വർഷങ്ങളായി മാധ്യമരംഗത്തുള്ള പലരുടെയും പേരുകൾ പോലും നമുക്ക് അറിയില്ല എന്നതു വാസ്തവമാണ്. കാണുന്ന ദൃശ്യങ്ങളിൽ, കേൾക്കുന്ന വാക്കുകളിൽ, വായിക്കുന്ന വരികളിൽ പലപ്പോഴും അവതാരകനെ നാം മറന്നുപോകുന്നു. ഈ പതിവു ശൈലിയിൽ നിന്ന് വേറിട്ടുനിൽക്കുന്ന ചില പേരുകൾ ഉണ്ട്. സ്വതസിദ്ധമായ അവതരണംകൊണ്ട് മലയാളികളുടെ മനസ്സിൽ സ്ഥാനംനേടിയ ചില മാധ്യമപ്രവർത്തകർ.

ജോൺ ബ്രിട്ടാസ്. ഈ പേരു കേൾക്കാത്ത മലയാളികൾ കുറവാണ്. നീണ്ട 23 വർഷത്തെ പ്രവർത്തനപരിചയത്തിന്റെ കഥയുണ്ട് ആ പേരിനു പിന്നിൽ. എന്നാൽ, ഇനി മലയാളി പ്രേക്ഷകർ ഈ പേര് കേൾക്കുക രാജ്യസഭാ വാർത്തകളിലാണ്. 2021 ഏപ്രിൽ 24നു സിപിഐ (എം) സ്ഥാനാർഥിയായി എതിരില്ലാതെ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതോടെ കേരളത്തിൽ നിന്ന് രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആദ്യമാധ്യമപ്രവർത്തകൻ എന്ന ബഹുമതിയും ജോൺ ബ്രിട്ടാസ് സ്വന്തമാക്കി.

1966 ഒക്ടോബർ 24നു കണ്ണൂർ ജില്ലയിൽ ജനിച്ച ബ്രിട്ടാസ് തൃശൂർ ഡോൺബോസ്കോ റസിഡൻഷ്യൽ സ്കൂളിൽനിന്ന് സ്കൂൾ വിദ്യാഭ്യാസവും തളിപ്പറമ്പ് സർ സയ്യിദ് കോളജിൽ നിന്ന് പ്രീഡിഗ്രിയും കരസ്ഥമാക്കി. പൊളിറ്റിക്കൽ സയൻസിൽ തൃശൂർ കേരളവർമ കോളജിൽ നിന്നും ബിരുദവും പയ്യന്നൂർ കോളജിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി.

ചെറുപ്പം മുതൽ എഴുത്തിൽ അതീവ താൽപര്യമുണ്ടായിരുന്ന ബ്രിട്ടാസ് പഠനകാലയളവിൽ പാഠ്യേതരപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. പത്രപ്രവർത്തകനാകാൻ ആഗ്രഹിച്ച ബ്രിട്ടാസ് ജെ.എൻ.യു.വിൽ എം.ഫില്ലിനു പഠിക്കുന്ന സമയമാണ് ദേശാഭിമാനിയിൽ സബ്എഡിറ്റർ ജോലിക്ക് അപേക്ഷിച്ചത്. അങ്ങനെ ഡൽഹിയിൽ നിന്ന് ആരംഭിച്ച മാധ്യമപ്രവർത്തനം ദേശാഭിമാനിയുടെ ഡൽഹി ബ്യൂറോ ചീഫ് എന്ന നിലയി



*ജോൺ ബ്രിട്ടാസ് അമേരിക്കയിൽ മാസപ്പുലരി ചീഫ് എഡിറ്റർ ബിജു കിഴക്കേക്കുറ്റുമൊത്ത്*

ലേക്ക് വളർന്നപ്പോഴാണ് കേരളത്തിലേക്കു വരുവാൻ ഒരു കാരണമുണ്ടാകുന്നത്.

2000-ൽ സിപിഎം, മലയാളം കമ്യൂണിക്കേഷൻസ് ലിമിറ്റഡിനു കീഴിൽ കൈരളി ടിവി ആരംഭിച്ചു. ആ സമയം ജനപ്രിയ പത്രപ്രവർത്തകനായി മാറിയിരുന്ന ബ്രിട്ടാസിനെ കൈരളിയുടെ അസോസിയേറ്റ് ഡയറക്ടർ സ്ഥാനത്തേക്ക് നിയമിക്കപ്പെട്ടു. അച്ചടിമാധ്യമത്തിൽ നിന്ന് വിഷ്വൽമാധ്യമത്തിലേക്ക് മാറി ചിന്തിച്ച ബ്രിട്ടാസ് മൂന്നു വർഷത്തിനു ശേഷം കൈരളിയുടെ മാനേജിംഗ് ഡയറക്ടറായി കേരളത്തിലേക്കു വന്നു. ദൃശ്യമാധ്യമത്തിൽ ബ്രിട്ടാസിന്റെ നേട്ടങ്ങൾ കണ്ട് പല മാധ്യമപ്രവർത്തകരും ഇലക്ട്രോണിക് മാധ്യമങ്ങളിലേക്ക് തിരിഞ്ഞു. ബാബറി മസ്ജിദ് പൊളിക്കുന്നതും ഗുജറാത്ത് കലാപവും അമേരിക്ക-ഇറാക്ക് യുദ്ധവുമൊക്കെ നേരിട്ട് ആ സ്ഥലങ്ങളിൽ എത്തി റിപ്പോർട്ട് ചെയ്ത് മലയാളികൾക്ക് ഒരു പുതിയ ദൃശ്യാനുഭവം നൽകി. പതിനൊന്നുവർഷത്തെ പ്രവർത്തനത്തിനുശേഷം 2011 ഏപ്രിൽ 22-നു കൈരളി ടിവിയിൽ നിന്ന് രാജിവെച്ചു.

2011 മെയ് രണ്ടിന് ഏഷ്യാനെറ്റ് കമ്യൂണിക്കേഷൻസ് ലിമിറ്റഡിന്റെ സിഇഒ ആയി സ്ഥാനമേറ്റു. എന്നാൽ, 2013 മാർച്ച് നാലിന് കൈരളി ചാനലിലേക്ക് തിരിച്ചെത്തിയ ബ്രിട്ടാസ് 2014-ൽ 'വെള്ളി വെളിച്ചത്തിൽ' എന്ന ചിത്രത്തിൽ പ്രധാന കഥാപാത്രമായും അഭിനയിച്ചു. എന്നും ഇടതുപക്ഷ പ്രസ്ഥാനത്തോട് ചേർന്നുനിന്ന ബ്രിട്ടാസ് കേരളാ മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവായി നിയമിക്കപ്പെട്ടതോടെയാണ് സജീവമായ രാഷ്ട്രീയ വാർത്തകളിൽ നിറയാൻ തുടങ്ങിയത്. 2016 ജൂൺ മാസം പദവിയിലേറിയ ബ്രിട്ടാസ് പിണറായി സർക്കാരിന്റെ കാലാവധി അവസാനിക്കാറായതോടെ 2021 മാർച്ച് ഒന്നിന് സേവനം അവസാനിച്ചു.

എന്നാൽ, അവിടംകൊണ്ട് തന്റെ മേഖല അവസാനിക്കുന്നില്ല എന്നു തെളിയിച്ചുകൊണ്ട് 2021 ഏപ്രിൽ 24 ന് രാജ്യസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. വ്യക്തമായ നിലപാടുകളോടുകൂടി മുൻനിരയിലേക്കെത്തിയ ബ്രിട്ടാസ് എന്ന മാധ്യമപ്രവർത്തകൻ "JB Junction' ഉൾപ്പെടെ നിരവധി ജനപ്രിയ ടിവി പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്.


ആത്മീയനേതാവായ മാതാഅമൃതാനന്ദമയിയുടെ ആശ്രമത്തിനെതിരെ ആരോപണമുന്നയിച്ച ഗെയിൽ ട്രെഡ്‌വെൽ എന്ന വിദേശവനിതയുമായി നടത്തിയ അഭിമുഖമുൾപ്പെടെ പലപ്പോഴും വിവാദങ്ങൾക്കും സമ്മർദങ്ങൾക്കും വിധേയനായിട്ടുണ്ടെങ്കിലും വളരെ ശക്തമായ പ്രതിരോധം തീർത്ത് തന്റെ നിലപാടുകളിൽ ബ്രിട്ടാസ് ഉറച്ചുനിന്നു. കേരളത്തിൽ നിന്നുള്ള ആദ്യ മാധ്യമശബ്ദം എന്ന നിലയിൽ രാജ്യസഭയ്ക്കുള്ളിലെ ബ്രിട്ടാസിന്റെ വരുംകാല പ്രവർത്തനങ്ങളെ വലിയ പ്രതീക്ഷയോടെയാണ് പലരും നോക്കിക്കാണുന്നത്. ഡൽഹിയിൽ നിന്ന് ആരംഭിച്ച തന്റെ ഔദ്യോഗികജീവിതത്തിന്റെ ഒരു പുതിയ പടവ് ഡൽഹിയിൽനിന്നുതന്നെ പുനരാരംഭിക്കാൻ സാധിച്ച ബ്രിട്ടാസ്, പുതിയ നേട്ടങ്ങളിലേക്ക് കേരളത്തിന്റെ പേര് എഴുതിച്ചേർക്കുന്നതിനായി മലയാളികൾ കാത്തിരിക്കുന്നു.

മാസപ്പുലരിയുടെ ആത്മമിത്രം കൂടിയായ ജോൺ ബ്രിട്ടാസ് എംപിയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ■


MIDWEST
WINDOWS & DOORS
MIDWEST WINDOWS
DOORS & SIDING
www.mymidwestwindows.com
45%
Off for Windows
40%
Off for Doors
and Siding
FREE ESTIMATE
Please Contact
RAJU NADUVETTIL
CELL 773 474 9566
rajuabm@gmail.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
JAIBU MATHEW KULANGARA, E.A.
Enrolled to Practice before IRS
7215 W. TOUHY, SUITE 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
Email:tax@jaibu.com
Web: www.jaibu.com
TAX
Free Electronic Filing


FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of
Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445
GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS
WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
ORTHODONTICS (BRACES & INVISALIGN) for Children and Adult
DISCOUNTS AVAILABILE
Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in
Chicago land area
for the past 12 years!!
www.familydentalglenview.com



THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
®
VALERO
CITGO
www.gasdepot.com